**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 717** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>കാട്ടുപന്നി ശല്യം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. മുരളീധരൻ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** കാട്ടുപന്നികൾ നാട്ടിലേക്കിറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും നാശനഷ്ടങ്ങൾ വരുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** 2016 മുതൽ 2026 വരെയുള്ള കാലയളവിൽ കാട്ടുപന്നികൾ കൃഷിനാശം വരുത്തിയതും ജനങ്ങളെ ഉപദ്രവിച്ചതും സംബന്ധിച്ച് എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 2016 മുതൽ 2026 വരെയുള്ള കാലയളവിൽ കാട്ടുപന്നികൾ കൃഷിനാശം വരുത്തിയതും ജനങ്ങളെ ഉപദ്രവിച്ചതുമായ കേസുകളുടെയും നഷ്ടപരിഹാരം നൽകിയതിന്റെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(സി)** ഇത്തരത്തിൽ കാട്ടുപന്നി ശല്യം ബാധിക്കപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**<u>മറുപടി:</u>** 2016 മുതൽ 2026 വരെയുള്ള കാലയളവിൽ കാട്ടുപന്നികൾ കൃഷിനാശം വരുത്തിയതും ജനങ്ങളെ ഉപദ്രവിച്ചതുമായ കേസുകളുടെയും നഷ്ടപരിഹാരം നൽകിയതിന്റെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(ഡി)** മനുഷ്യജീവനും കൃഷിക്കും ഭീഷണിയാകുന്ന സാഹചര്യങ്ങളിൽ കാട്ടുപന്നികളെ കൊല്ലുവാൻ ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട അധികാരികൾക്ക് അനുവാദം ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ, ഉപദ്രവകാരികളായ കാട്ടുപന്നികളുടെ ശല്യം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കേന്ദ്ര നിയമപ്രകാരം കാട്ടുപന്നികളെ ഷെഡ്യൂൾ II-ൽ ഉൾപ്പെടുത്തിയതിനാൽ കർഷകർക്ക് യഥേഷ്ടം അവയെ കൊല്ലാൻ സാധിക്കുന്നില്ല. നിരവധി തവണ ഇവയെ ക്ഷുദ്ര ജീവികളായി പ്രഖ്യാപിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടും ആയതിന് അനുമതി ലഭിച്ചിട്ടില്ല. കാട്ടിൽ ഉള്ളതിനേക്കാൾ കൂടുതൽ കാട്ടുപന്നികൾ നാട്ടിലുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്.

അനിയന്ത്രിതമായ എണ്ണം നിയന്ത്രിക്കാൻ ആവശ്യമായ എംപാനൽഡ് ഷൂട്ടർമാരുടെ കുറവും നിലവിലുണ്ട്.

ഈ പരിമിതികൾക്ക് ഉള്ളിൽ നിന്ന് കൊണ്ടും അപകടകാരികളായ കാട്ടുപന്നികളെ ഉപാധികളോടെ കൊന്നു ഇല്ലായ്മ ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരെ ഓണററി വൈൽഡ് ലൈഫ് വാർഡനായി ചുമത ലപ്പെടുത്തിയും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസറായി ചുമ തലപ്പെടുത്തിയും 1972 ലെ വന്യജീവി (സംരക്ഷണം) നിയമപ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതുമാ

**(ഇ)** ഉപദ്രവകാരികളായ കാട്ടുപന്നികളെ കൊല്ലുവാൻ വിദഗ്ധരായ കൂടുതൽ പേരെ നിയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ഇക്കാര്യം വിശദമായി പരിശോധിച്ച് നിയമപരമായ നടപടി സ്വീകരിക്കുന്നതാണ്

**സെക്ഷൻ ഓഫീസർ**

അനുബന്ധം -717

| വർഷം | കേസുകളുടെ എണ്ണം | | | നഷ്ടപരിഹാരം (രൂപ) |
|---|---|---|---|---|
| | കൃഷി നാശം | മരണം | പരിക്ക് | |
| 2016-26 | 13,725 | 61 | 2,158 | 14,88,03,777 |